(എ) ദൃശ്യശ്രവ്യ മാധ്യമങ്ങളുടെ അതിപ്രസരംമൂലം കുട്ടികളിൽ വായനാശീലം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കുട്ടികളിൽ വായനാശീലം വളർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽകരണം നടത്തുന്നതിന് വിദ്യാലയങ്ങളോടനുബന്ധിച്ച് ഓരോ കേന്ദ്രം തുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് സ്കൂൾതലത്തിൽ ബോധവൽക്കരണം നടത്തുന്നതിനും സ്കൂൾലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്.

(സി) കുട്ടികളിൽ വായനാശീലം വളർത്തേണ്ടതിന്റെ ആവശ്യം സംബന്ധിച്ച് ഇപ്പോൾത്തന്നെ സ്കൂൾതലത്തിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. അതിലേക്കായി ഒരു പ്രത്യേക കേന്ദ്രം തുറക്കേണ്ടതിന്റെ ആവശ്യമില്ല.

## എസ്.എസ്.എൽ.സി. പരീക്ഷയുടെ ഗ്രേഡിംഗ് മുഖേനയുള്ള മൂല്യനിർണ്ണയം

143 [2405] ശ്രീ. പി. ജെ. ജോയി:
,, ജോർജ് ജെ. മാത്യു:
,, വി. ഡി. സതീശൻ:
,, ലൂഡി ലൂയിസ്:
,, വി. ജെ. പൗലോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഗ്രേഡിംഗ് മുഖേനയുള്ള മൂല്യനിർണ്ണയത്തിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകളോ പാഴ്ച്ചെലവുകളോ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ബി) ഇവ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഇക്കാര്യത്തിൽ പ്രത്യേക പ്രായോഗിക ബുദ്ധിമുട്ടുകളോ പാഴ്ച്ചെലവുകളോ ഉണ്ടായിട്ടില്ല.

(ബി) പ്രസക്തമല്ല.

## കോളേജുകളിലും സ്കൂളുകളിലും പ്രവർത്തിക്കുന്ന പാരന്റ് ടീച്ചേഴ്സ് അസോസിയേഷന്റെ പ്രവർത്തനങ്ങൾ

149 [2409] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly